# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആനിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ.പി 7-315/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ.പി 7-315/22 തീയ്യതി: 30/03/2022

## പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-12-2020 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 03-03-2022 | 14-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2022 | 14-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. തോമസ് മാത്യു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു ജോയി | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി അഞ്ജലി കൃഷ്ണ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2019 | 31-03-2020 |
| ശ്രീ. ഭക്തി പി. ജോസഫ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി മേരി ബിൽന ചാണ്ടി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി അനില ടി. ശശി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. ദിലീപ് എസ്. ചീരംതോട് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജലജാമണി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-I | 01-04-2019 | 31-03-2020 |
| ശ്രീ. റിനുമോൻ എം.പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II | 01-04-2019 | 12-10-2019 |
| ശ്രീമതി രേണുക പരമേശ്വരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II | 12-10-2019 | 09-11-2019 |
| ശ്രീ. രാജേഷ് ഇ. എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II(InCharge) | 11-11-2019 | 13-12-2019 |
| ശ്രീമതി രേണുക പരമേശ്വരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II | 14-12-2019 | 31-03-2020 |
| ശ്രീമതി അഞ്ജു കൃഷ്ണ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 25-02-2020 |
| ശ്രീമതി സോണി എസ്.ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 26-02-2020 | 31-03-2020 |
| ശ്രീമതി ജെസ്സി തോമസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha M Kuruvilla (Auditor, On 07-03-2022)<br>Last Updated By: Asha M Kuruvilla (Auditor, On 21-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 29-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Asha M Kuruvilla (Auditor, On 07-03-2022)<br>Last Updated By: Asha M Kuruvilla (Auditor, On 21-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 29-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Asha M Kuruvilla (Auditor, On 07-03-2022)<br>Last Updated By: Asha M Kuruvilla (Auditor, On 21-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 24-03-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Asha M Kuruvilla (Auditor, On 07-03-2022)<br>Last Updated By: Asha M Kuruvilla (Auditor, On 21-03-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Asha M Kuruvilla (Auditor, On 07-03-2022)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Ranjeev V.K (Audit Officer (HG), On 15-03-2022)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Asha M Kuruvilla (Auditor, On 07-03-2022)<br>Last Updated By: Asha M Kuruvilla (Auditor, On 21-03-2022) | 1-10 |
| 11 | ഇ ടെണ്ടർ ഫീസ് 1.68 ലക്ഷം തനത് ഫണ്ടിലേക്ക് ഈടാക്കിയില്ല<br>Written By: Ranjeev V.K (Audit Officer (HG), On 15-03-2022)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-03-2022) | 1-11 |
| 12 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 14-03-2022)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-03-2022) | 1-12 |
| 13 | സേവന ഉപനികുതികൾ ഈടാക്കുന്നില്ല – പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Asha M Kuruvilla (Auditor, On 11-03-2022)<br>Last Updated By: Asha M Kuruvilla (Auditor, On 21-03-2022) | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്തില്ല<br>Written By: Asha M Kuruvilla (Auditor, On 14-03-2022)<br>Last Updated By: Asha M Kuruvilla (Auditor, On 21-03-2022) | 1-14 |
| 15 | ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 14-03-2022)<br>Last Updated By: Asha M Kuruvilla (Auditor, On 28-03-2022) | 1-15 |
| 16 | തൊഴിൽനികുതി സംബന്ധിച്ച അപാകതകൾ<br>Written By: Asha M Kuruvilla (Auditor, On 15-03-2022)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-03-2022) | 1-16 |
| 17 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് | 1-17 |

| | | |
|---|---|---|
| | സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: Asha M Kuruvilla (Auditor, On 15-03-2022)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-03-2022) | |
| 18 | പശുവളർത്തൽ പദ്ധതി - നിർവ്വഹണം സുതാര്യമല്ല<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-03-2022) | 1-18 |
| 19 | ഹരിതകർമ്മസേനയുടെ പ്രവർത്തനം നിലച്ചു<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 24-03-2022) | 1-19 |
| 20 | പൊതു ടാപ്പുകളുടെ വെള്ളക്കരം - പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 15.77ലക്ഷം രൂപ<br>Written By: Asha M Kuruvilla (Auditor, On 14-03-2022)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-03-2022) | 1-20 |
| 21 | പൊതുടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടിയില്ല<br>Written By: Asha M Kuruvilla (Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-21 |
| 22 | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് സംവിധാനം നടപ്പാക്കിയില്ല - പ്രതിവർഷ ബാദ്ധ്യത 6 ലക്ഷം<br>Written By: Asha M Kuruvilla (Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-22 |
| 23 | റോഡ് കോൺക്രീറ്റിംഗ്:സി.പി,ഒഎച്ച് കുറയ്ക്കാതെ ഗുണഭോക്തൃസമിതിയുടെ ബില്ല് തീർപ്പാക്കി<br>Written By: Ranjeev V.K (Audit Officer (HG), On 15-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-23 |
| 24 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരെ യഥാസമയം ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നില്ല<br>Written By: Asha M Kuruvilla (Auditor, On 15-03-2022)<br>Last Updated By: Asha M Kuruvilla (Auditor, On 21-03-2022) | 1-24 |
| 25 | ഗുണഭോക്തൃസമിതി നിർവഹണം:ഒ എച്ച് കുറച്ചില്ല<br>Written By: Ranjeev V.K (Audit Officer (HG), On 15-03-2022)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-03-2022) | 1-25 |
| 26 | ലോകബാങ്ക് സഹായം 5.9ലക്ഷം തനത് ഫണ്ട് നിക്ഷേപമാക്കി<br>Written By: Ranjeev V.K (Audit Officer (HG), On 15-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-03-2022) | 1-26 |
| 27 | ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്<br>Written By: Asha M Kuruvilla (Auditor, On 11-03-2022)<br>Last Updated By: Asha M Kuruvilla (Auditor, On 29-03-2022) | 1-27 |
| 28 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഒടുക്കിയില്ല<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: Asha M Kuruvilla (Auditor, On 29-03-2022) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 15-03-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 15-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 24-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 15-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 24-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 15-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 15-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 15-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 15-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 15-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P Anilkumar (Senior Grade Auditor, On 15-03-2022)<br>Last Updated By: P Anilkumar (Senior Grade Auditor, On 30-03-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 15.02.2019-ലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 25.02.2020-ലെ I (1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി 3 : Capital Cintribution-മുൻവർഷത്തെ തുകതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, വെള്ളക്കരം കുടിശ്ശിക ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ധനകാര്യ പത്രികയിലും വരവിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | കുറവു ചെയ്ത തുക തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 205882 |
| | വെള്ളക്കരം | 448382 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 44118 |

3. ഷെഡ്യൂൾ ബി5: Secured Loan – ഇ.എം.എസ് ഭവനപദ്ധതി, ലൈഫ് KURDFC എന്നീ ലോണുകളുടെ നീക്കിയിരിപ്പ് തുകകൾ ലോൺ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. KURDFC – 2019-20 സാമ്പത്തിക വർഷത്തിൽ 250000 രൂപ സ്രോതസ്സിൽ നിന്നും കുറവു ചെയ്തെങ്കിലും ലോൺ ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

4. ഷെഡ്യൂൾ B7: Deposits Received: കോൺട്രാക്ടേഴ്സ് റീടേൻഷൻ ഇനത്തിൽ കാണിച്ചിട്ടുള്ള 623882 രൂപ ഈയിനത്തിലുള്ളതല്ല.

5. ഷെഡ്യൂൾ B-11(a): Capital Work In Progress: വാർഷിക കണക്കിലെ തുകയുടെ കൃത്യത ബോധ്യപ്പെടാനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

6.ഷെഡ്യൂൾ ബി-18: ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലുള്ള 30000 രൂപയുടെ വിശദാംശങ്ങളില്ല.

7. ഷെഡ്യൂൾ ബി-18: കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ആസ്തിയാക്കി മാറ്റിയിട്ടില്ല.

8. വസ്തു നികുതി- ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9.ഷെഡ്യൂൾ RP43: വാടകയിനത്തിലുള്ള വരവ് തുക തെറ്റാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7781572 |
| വരവ് | 35511799 |
| ആകെ | 43293371 |
| ചെലവ് | 36134464 |
| നീക്കിയിരിപ്പ് | 7158907 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂബിൽ | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 7825000 | 7825000 | 7033056 | 464785 | 327159 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4585000 | 4585000 | 3120855 | 1002045 | 462100 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 191000 | 191000 | 132500 | 0 | 58500 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 14943000 | 14943000 | 7001669 | 7471229 | 470102 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 3251000 | 3251000 | 2190027 | 404771 | 656202 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5982475 | 5982475 | 2372237 | 1900938 | 1709300 |

ഗ്രാന്റ് വിനിയോഗം – അപാകതകൾ

ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, വെള്ളക്കരം കുടിശ്ശിക ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | കുറവു ചെയ്ത തുക തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 205882 |
| | വെള്ളക്കരം | 448382 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 44118 |

വികസനഫണ്ട് (റ്റി.എസ്.പി.) – അലോട്ട്മെന്റിന്റെ ഒരു ഗഡു (63600) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 202 | 50577984 | 115 | 33025464 | 87 | 49.82 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 38 | 28 | 7694611 | 5988986 | 77.83 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 117 | 47 | 26806642 | 8830555 | 32.94 |
| കൃഷി ഓഫീസർ | 3 | 3 | 330234 | 259600 | 78.61 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 16 | 10003159 | 6016346 | 60.14 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7 | 2033138 | 1326041 | 65.22 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 4 | 4 | 1425200 | 1152528 | 80.86 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 75000 | 75000 | 100 |
| വെറ്ററിനറി സർജൻ | 7 | 7 | 1624334 | 1140050 | 70.18 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2210000 | 410000 | 18.55 |
| | 202 | 115 | 50577984 | 33025464 | 49.82 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 10172631 | 10172631 | 10172631 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4850 | 661664 | 666514 | 665879 | 635 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1255800 | 429 |
| വിധവാപെൻഷൻ | 2348400 | 800 |
| വാർദ്ധക്യകാല പെൻഷൻ | 5583300 | 1794 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1002600 | 329 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 130800 | 44 |
| തൊഴിൽരഹിത വേതനം | 4800 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.2022-ാം തീയതി രാവിലെ 10.45 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 718 രൂപ (എഴുന്നൂറ്റി പതിനെട്ട്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലവിലുണ്ടെങ്കിലും ചില പ്രധാന വിഷയങ്ങളിൽ അത് കാര്യക്ഷമമായി ല്ല.ആവർത്തന സ്വഭാവമുള്ള തനത് ചെലവുകളിലാണ് ആഭ്യന്തരനിയന്ത്രണം ഏറെയും പരിമിതപ്പെട്ടത്.അനിവാര്യചെലവുകളായ തെരുവ് വിളക്ക് തെളിക്കൽ ,കുടിവെള്ള വിതരണം എന്നിവയിലാണ് ഇത് ഏറ്റവും ദുർബലമായത്.കുടിവെള്ളചാർജ് കുടിശിക രണ്ട് കോടി കഴിഞ്ഞിട്ടും ആ ബാധ്യത ഒഴിവാക്കാൻ നടപടിയില്ല.സർക്കാർ സ്രോതസ്സിൽ പിടിച്ച കുടിശികയും പ്രോജക്റ്റ് വെച്ച് അടച്ച ഓഡിറ്റ് വർഷത്തെ വെള്ളച്ചാർജും വാട്ടർ അതോറിറ്റി കണക്കിൽ അക്കൗണ്ട് ചെയ്യിച്ച് കുടിശിക കുറയ്ക്കാൻ നിയന്ത്രണസംവിധാനം സജീവമായില്ല.വലിയതുക പ്രതിമാസ വെള്ളച്ചാർജ് നല്കുമ്പോഴും ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ വലിയതോതിൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നു.വെള്ളം വരാത്ത ടാപ്പുകൾക്കാണ് ഗ്രാമപഞ്ചായത്ത് ചാർജ് നല്കുന്നതെന്നും ഇതിന് പരിഹാരം കാണണമെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം എടുത്തെങ്കിലും അത് പ്രാവർത്തികമാക്കുന്നതിന് സംയുക്തപരിശോധനപോലെ ഫലപ്രദമായ വഴിതേടാൻ ആഭ്യന്തരനിയന്ത്രണ സംവിധാനം ഉണർന്നില്ല.ഓഡിറ്റ് സമയത്തെ വെള്ളച്ചാർജ് വിശകലനവും ഈ ഇനത്തിൽ വലിയ തുക ഇപ്പോഴും ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നതായി വ്യക്തമാക്കുന്നു.സമാന പ്രശ്നങ്ങൾ തെരുവ് വിളക്ക് ചാർജിലും കാണുന്നു.വലിയ തുകചെലവഴിക്കുമ്പോഴും അത് ആവശ്യമായിരുന്നു എന്ന് തെളിയിക്കാൻ അടിസ്ഥാന രജിസ്റ്ററുകൾ ഇല്ല.തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ ഇതേവരെ ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് നടപ്പാക്കിയില്ല.കെഎസ്ഇബിക്ക് വലിയ തുക മാസം തോറും നല്കുമ്പോഴും എല്ലാ വിളക്കുകളും ജനങ്ങൾക്ക് വെളിച്ചം നല്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സംവിധാനമില്ല.തെരുവ് വിളക്ക് പരിപാലന കമ്മറ്റികൾ നിലവിലുള്ളതായി കാണുന്നില്ല.തെരുവ് വിളക്കുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ,വികസന സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവ തുടർച്ചയായ മോണിറ്ററിംഗിലൂടെ നിയന്ത്രണസംവിധാനം സജീവമാക്കിയില്ല.

രജിസ്റ്ററുകളുടെ പരിപാലനത്തിലും വീഴ്ചയുണ്ട്.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്ത് ഓഫീസ് കെട്ടിടം ഉൾപ്പെടെ ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ ഉടമസ്ഥതാ രേഖകൾ ശരിയാക്കിയിട്ടില്ല.ഡെപ്പോസിറ്റ് രജിസ്റ്ററും കൃത്യമല്ല.ടെണ്ടർഫോറത്തിന്റെ സ്റ്റോക്ക് വില്പന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.മാനുവൽ ടെണ്ടർ വ്യാപകമായി ഉപയോഗിക്കുന്ന ഗ്രാമപഞ്ചായത്തിൽ ടെണ്ടർഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് വലിയ ക്രമക്കേടുകൾ സംഭവിക്കാൻ പഴുത് നല്കുന്നതാണ്.ഭരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും തുടർച്ചയായ നിരീക്ഷണവും വിലയിരുത്തലും നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

തനത് ഫണ്ട് കുറവുള്ള പഞ്ചായത്ത് ആയിട്ടും വരുമാന വർധനവിന് പഞ്ചായത്ത് രാജ് നിയമം അനുവദിക്കുന്ന സാധ്യതകൾ ഉപയോഗിക്കുന്നില്ല.തെരുവ് വിളക്ക് വൈദ്യുതി ചാർജ് ,കുടിവെള്ള ചാർജ് എന്നിവക്ക് വലിയതുക ചെലവിടുമ്പോഴും സേവന ഉപനികുതികളുടെ പ്രയോഗസാധ്യത തേടുന്നില്ല.1.68ലക്ഷം രൂപ ഇ ടെണ്ടർ ഫീസ്

കിട്ടാനുണ്ടെങ്കിലും അത് വാങ്ങിയെടുത്തില്ല.

നിലവിലുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ ബലഹീനതകൾ പരിഹരിച്ച് കാര്യക്ഷമമാക്കാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.02.2022 മുതൽ 19.02.2022 വരെ | 4/2021 – 12/2021 | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.11.2017 | 2016-17 | 23.01.2018 |

## 1-11 ഇ ടെണ്ടർ ഫീസ് 1.68 ലക്ഷം തനത് ഫണ്ടിലേക്ക് ഈടാക്കിയില്ല

ഇ ടെണ്ടർ ഫീസ് 168360രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഈടാക്കിയില്ല. ഓഡിറ്റ് സമയത്തും തുക ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിലാണെന്ന് ഓഡിറ്റ് അന്വേഷണ(11/10.03.2022)ത്തിന് മറുപടിയായി അസി.എഞ്ചിനിയർ അറിയിച്ചു.

2016-17മുതൽ 2019-20വരെ 4 വർഷങ്ങളിലെ 73 മരാമത്ത് പ്രോജക്ടുകളുടെ ഇ ടെണ്ടർ ഫീസാണ് തനത് ഫണ്ടിലേക്ക് ഈടാക്കുവാനുള്ളത്.ഗ്രാമപഞ്ചായത്തിന്റെ തനത് വരവാണിത്.അന്യ അക്കൗണ്ടിൽ കിടക്കുന്നതിനാൽ തുക ഗ്രാമപഞ്ചായത്തിന് ഉപയോഗിക്കാനാവില്ല. തുകയുടെ പലിശയും നഷ്ടപ്പെടുന്നുണ്ട്.

ഈടാക്കുവാനുള്ള ഇടെണ്ടർ ഫീസിന്റെ വിവരണം:

| വർഷം | ഈടാക്കുവാനുള്ള ഇ ടെണ്ടർ ഫീസ് | പ്രോജക്ടുകളുടെ എണ്ണം |
|---|---|---|
| 2016-17 | 21400 | 2 |
| 2017-18 | 17070 | 4 |
| 2018-19 | 121520 | 64 |
| 2019-20 | 8370 | 3 |
| ആകെ | 168360 | 73 |

തുക തനത് ഫണ്ടിലേക്ക് ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.തനത് ഫണ്ടിൽ തുക നിക്ഷേപിക്കുന്നതിന് ജില്ല പഞ്ചാ.എക്സി.എഞ്ചിനിയർക്ക് ഉടൻ കത്ത് നല്കുമെന്ന് അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. 2017-18 മുതൽ 2018-19വരെ ആനിക്കാട്,മല്ലപ്പള്ളി ഗ്രാമപഞ്ചായത്തുകൾക്ക് ഒരു അസി.എഞ്ചിനിയറായിരുന്നു.അതിനാൽ ഇ ടെണ്ടർ ഇടപാടുകൾ മല്ലപ്പള്ളി അസി.എഞ്ചിനിയറുടെ ലോഗിൻ ഐഡി വഴിയായിരുന്നു.ഇക്കാലയളവിലെ ഇടെണ്ടർഫീസ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിന് മല്ലപ്പള്ളി അസി.എഞ്ചിനിയർക്ക് ഉടൻ അപേക്ഷ സമർപ്പിക്കുമെന്നും ഓഡിറ്റ് അന്വേഷണമറുപടിയിൽ അറിയിച്ചിട്ടുണ്ട്.നടപടികൾ വേഗത്തിലാക്കുവാൻ പ്രസിഡന്റിന്റേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടേയും ശ്രദ്ധക്ഷണിക്കുന്നു.

ഇ ടെണ്ടർ ഇടപാടുകൾ ഗ്രാമപഞ്ചായത്തിൽ തന്നെ നടത്തുന്നതിന് അസി. എഞ്ചിനിയറുടെ പേരിൽ ബാങ്ക് അക്കൗണ്ട്

തുടങ്ങാൻ സർക്കാർ നിർദേശിച്ചിരുന്നു.ആ നിർദേശം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയില്ല.ബാങ്ക് അക്കൗണ്ട് ഉടൻ തുടങ്ങുമെന്ന് ഓഡിറ്റ് അന്വേഷണമറുപടിയിൽ അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

ഇ ടെണ്ടർ ഫീസ് 168360രൂപ തനത് ഫണ്ടിലേക്ക് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽകോഡ് വാല്യം I ആർട്ടിക്കിൾ 282 പ്രകാരവും, 2011-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 79 പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും മാറാത്ത ചെക്കുകൾ എന്നിങ്ങനെയുള്ള തുകകൾ നിശ്ചിത കാലയളവിനുശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2014-15 സാമ്പത്തിക വർഷം മുതലുള്ള കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ലായെന്ന് ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. എന്നാൽ രേഖപ്പെടുത്തലുകൾ കൃത്യവും കാലികവും അല്ലാത്തതിനാൽ തുകയുടെ കൃത്യമായ വിവരം ശേഖരിക്കുവാൻ സാധിച്ചില്ല.

മൂന്നുവർഷത്തിൽ കൂടുതലായി റീഫണ്ട് ചെയ്യാൻ അവശേഷിക്കുന്ന നിരതദ്രവ്യം/ജാമ്യനിക്ഷേപ തുകകളുടെ കൃത്യമായ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 6/8.03.2022) നൽകിയ മറുപടിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമായതിൻ നിക്ഷേപ തുകകളുടെ വിശദാംശങ്ങൾ കണ്ടുപിടിക്കാൻ കഴിയുന്നില്ലായെന്നും, മുൻ വർഷങ്ങളിലെ ബിൽ രജിസ്റ്റർ പരിശോധിച്ച് ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ ലഭ്യമാക്കുന്നതാണെന്നമാണെന്നമാണ് അറിയിച്ചിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ/മാറാത്ത ചെക്കുകൾ എന്നിവയുടെ കാലാവധി 3 വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണന്നും, ഇത് ഉറപ്പുവരുത്തുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട റെക്കോർഡുകളുടെ പരിപാലനവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ചെയ്യേണ്ടതാണന്നും നിഷ്കർഷിക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ മുൻ വർഷങ്ങളിലെ ബിൽ രജിസ്റ്റർ പരിശോധിച്ച് പിൻവലിച്ചുകൊണ്ടുപോയ ഡെപ്പോസിറ്റ് തുകകൾ തീയതി സഹിതം പ്രത്യേക രേഖപ്പെടുത്തലുകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വരുത്തി മുതൽകൂട്ടുവാനുള്ള തുകകളുടെ കൃത്യമായ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും രജിസ്റ്ററുകളുടെ പരിപാലനം കുറ്റമറ്റതാക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേക്കേണ്ടതാണ്.

## 1-13 സേവന ഉപനികുതികൾ ഈടാക്കുന്നില്ല – പഞ്ചായത്തിന് വരുമാന നഷ്ടം

2011-ലെ കേരള കേരളാ പഞ്ചായത്തിരാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 27-ാം ചട്ടത്തിൽ ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ നൽകുകയാണങ്കിൽ കൗൺസിൽ അംഗീകരിക്കുന്ന നിരക്കിൽ സേവന ഉപനികുതികൾ ചുമത്താവുന്നതാണന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലയെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്ത് ടി സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല. 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കുറഞ്ഞ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% |
| 2 | ജലവിതരണം | വസ്തു നികുതിയുടെ 3% |
| 3 | തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% |
| 4 | ഡ്രെയിനേജ് | വസ്തു നികുതിയുടെ 1% |

കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| ലൈൻ എക്സ്റ്റൻഷൻ (KSEB) | 4,00,000 |

| | |
|---|---|
| തെരുവ് വിളക്ക് പരിപാലനം | 3,46,046 |
| ലൈൻ എക്സ്റ്റൻഷൻ (KWA) | 1,75,000 |
| ആകെ | 9,21,046 |

തുടർ വർഷങ്ങളിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതികൂടി ഉൾപ്പെടുത്തി പഞ്ചായത്ത് ഫണ്ടിന്റെ വരുമാനം കൂട്ടാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്തില്ല

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി 2013 വർഷം പുനർനിർണ്ണയിച്ച് എല്ലാ ടവർ ഉടമകളിൽ നിന്നും പുതുക്കിയ നിരക്കിൽ നികുതി ഡിമാന്റ് ചെയ്യുന്നുണ്ടെങ്കിലും പലതും വസ്തുനികുതി അടവാക്കാതെ വർഷങ്ങളായി പ്രവർത്തിച്ചു പോരുകയാണ്.
സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകളുണ്ട്. ഇവയിൽ 2 ടവറുകളുടെ വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്നു, ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഡെപ്പോസിറ്റ്ക്രമ നം | ടവറുകളുടെ വിവരം | വാർഡ് നം./ കെട്ടിട നം. | പ്ലിന്ത് ഏരിയ (ച.മീ) | വാർഷിക വസ്തുനികുതി തുക (രൂ) | നികുതി അടവാക്കാനുള്ളതിന്റെ വിവരം (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം) |
|---|---|---|---|---|---|
| 1 | ബി എസ് എൻ എൽ | 2/298/A | 6.25 | ₹2954 | 2013 മുതൽ അടവാക്കിയിട്ടില്ല |
| 2 | ബി എസ് എൻ എൽ | 6/310 | 8 | 2010-2012 വരെ വാർഷിക നികുതി ₹172 പ്രകാരവും, 2013 മുതൽ ₹3200 | 2010 മുതൽ അടവാക്കിയിട്ടില്ല |

ടി മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/07.03.2022) കെട്ടിട നമ്പർ 2/298/A, 6/310 എന്നീ നമ്പർ പ്രകാരമുള്ള ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ടെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. റവന്യൂ റിക്കവറിയുമയി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ചെലവ് വൗച്ചറുകൾ പരിശോധിച്ചപ്പോൾ വൗച്ചർ നം. 21900489 പ്രകാരം 27.11.2019-ൽ ഒരു സ്വകാര്യ ഏജൻസിയിൽ നിന്നും 250 ടെൻഡർ ഫോറം പ്രിന്റ് ചെയ്ത വകയിൽ 2000 രൂപ നൽകിയതായി കണ്ടു. ഇപ്രകാരം ഒരു സ്വകാര്യ ഏജൻസിയിൽ നിന്നും ടെൻഡർ ഫോറം പ്രിന്റ് ചെയ്ത് വാങ്ങിയതിന്റെ കാരണം എന്താണെന്നും, ഈ 250 ടെൻഡർ ഫോറം ഇഷ്യൂ ചെയ്തതിന്റെ വിവരങ്ങൾ (പദ്ധതി നം., നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്, ടെൻഡർ ഫോറം വില) നാളിതുവരെയുള്ളത് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (8/08.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ പ്രിന്റ് ചെയ്ത ടെൻഡർ ഫോറത്തിൽ അവശേഷിക്കുന്നത് എത്രയെന്ന വിവരവും പഞ്ചായത്തിലില്ല. ഗ്രാമപഞ്ചായത്തിൽ ടെൻഡർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
പദ്ധതിയുടെ അടങ്കൽ തുകയ്ക്ക് അനുസരിച്ച് ടെണ്ടർ ഫോറം വിലയിൽ വ്യത്യാസം വരും. ഇതു പ്രകാരം ടെൻഡർ ഫോറത്തിന്റെ വില 300 രൂപ മുതൽ 2000 രൂപ വരെയാണ്. ഗുരുതരമായ ക്രമക്കേടുകൾക്ക് ഇത് അവസരമുണ്ടാക്കും. ഈ അവസരത്തിലാണ് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും മാത്രം വാങ്ങേണ്ട ടെൻഡർ ഫോറം സ്വകാര്യ ഏജൻസിയിൽ നിന്നും പ്രിന്റ് ചെയ്ത് വാങ്ങിയിരിക്കുന്നത്. നിലവിൽ ഇതിന്റെ സ്റ്റോക്ക് സംബന്ധിച്ചുള്ള വിവരവും

ലഭ്യമല്ല. ഗുരുതരമായ ക്രമക്കേട് സംബന്ധിച്ച് തുടർ അന്വേഷണം ഭരണതലത്തിൽ/ പെർഫോമൻസ് ഓഡിറ്റ് തലത്തിൽ സ്വീകരിച്ച്, വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 തൊഴിൽനികുതി സംബന്ധിച്ച അപാകതകൾ

സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് , പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(എ) നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ സെക്രട്ടറി നോട്ടീസു മൂലം ആവശ്യപ്പെടാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഇപ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ലായെന്ന് പരിശോധനയിൽ വ്യക്തമായി. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകുപ്പ് 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട വൻതുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ വരും വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) റേഷൻ കടകൾ ക്ഷീരസംഘങ്ങൾ അക്ഷയകേന്ദ്രങ്ങൾ എന്നിവങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത്പരിധിയിലുള്ള റേഷൻ കടകൾ,ക്ഷീരസംഘങ്ങൾ, 2 അക്ഷയകേന്ദ്രങ്ങൾ എന്നിവയിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി.

(സി) മരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| 1. | സോണി ജോസഫ് |
| 2. | ശരവണൻ ആർ |
| 3. | പി.എം. കബീർ |
| 4. | ലിൻസൺ പി. ജോൺ |
| 5. | ജോൺ സി. തോമസ് |
| 6. | കെ.എം.ജോർജ്ജ് |
| 7. | ജിനോ പി. കുര്യൻ |
| 8. | സുരേഷ് കുമാർ റ്റി.എസ്. |
| 9. | പ്രസാദ് എ. |
| 10. | റെനി കുര്യൻ |
| 11. | റ്റിനുമോൻ തോമസ് |
| 12. | മൊഹ്സിൻ ബഷീർ |
| 13. | ലിജോ സാം വർഗ്ഗീസ് |
| 14. | രാജൻ എം. |

മേൽപ്പറഞ്ഞ കരാറുകാർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചതായി രേഖകളില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. കരാറുകാരിൽ നിന്ന് നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-17 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തുകളിൽ ഫാക്ടറികൾക്കും, വ്യവസായങ്ങൾക്കും, വ്യവസായ സ്ഥാപനങ്ങൾക്കും അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 232-ൽ ടി സ്ഥാപനങ്ങളെ 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. എന്നാൽ 2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് അനുസരിച്ച് പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്നതിന് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിട്ടുണ്ട്. ആയതിനനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് മാറ്റി 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്.

ബി) ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 232ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നത് എന്ന് വ്യക്തമായി.

1. റേഷൻ റീട്ടെയിൽ ഷോപ്പ്-12 എണ്ണം
2. ക്ഷീരോൽപ്പാദക സഹകരണ സംഘം-4 എണ്ണം

നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.201) അറിയിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പ്രതിപാദിച്ചിരുന്നെങ്കിലും നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുമായിരുന്ന നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്ത് ഭരണസമിതിയും പരിഗണിക്കാത്തത് ഉചിതമായില്ല. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 പശുവളർത്തൽ പദ്ധതി - നിർവ്വഹണം സുതാര്യമല്ല

വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച നടപ്പിലാക്കിയ പശുവളർത്തൽ പദ്ധതിയുടെ നിർവ്വഹണം സുതാര്യമല്ല. പശുവളർത്തൽ പ്രോത്സാഹിപ്പിക്കാൻ ബാക്ക് എൻഡഡ് സബ്സിഡി നൽകുന്നതിനായിട്ടാണ് " പശുവളർത്തൽ (വനിത)" [പ്രോജക്ട് നം.01/2020 എന്ന പ്രോജക്ട് നടപ്പിലാക്കിയത്. ഒരാൾക്ക് 25000രൂപ ക്രമത്തിൽ 13 ഗുണഭോക്താക്കൾക്ക് ബാക്ക് എൻഡഡ് സബ്സിഡി നൽകുന്നതിനായി 325000രൂപ കാത്തലിക് സിറിയൻ ബാങ്ക്, പുന്നവേലിയുടെ സസ്പെൻസ് അക്കൗണ്ടിലേക്ക് 28.02.2020ൽ ബിൽ നം.P20/19-20 പ്രകാരം കൈമാറിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ഗുണഭോക്താക്കൾക്ക് ബാങ്കിൽനിന്ന് ലോൺ അനുവദിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

ശ്രീമതി റോസമ്മ എബ്രഹാം, മുള്ളൻ കുഴിയിൽ, ആനിക്കാട്, ശ്രീമതി ലളിതകുമാരി, ചാത്തേറ്റിൽ, നൂറോമ്മാവ് എന്നീ ഗുണഭോക്താക്കൾ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയോ പശുവിനെ വാങ്ങുകയോ ചെയ്യാത്ത ഗുണഭോക്താക്കൾക്കായി മുൻകൂർ സബ്സിഡി നൽകി. ഉദാ. ശ്രീമതി

റോസിലി കെ.തോമസ്, ഇടത്തിനകം, പുന്നവേലി എന്ന ഗുണഭോക്താവ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിരിക്കുന്നത് 24.06.2020ൽ മാത്രമാണ്. ശ്രീമതി ഏലിയാമ്മ വർഗ്ഗീസ്, വാളനക്കുഴിയിൽ, പുന്നവേലി, ശ്രീമതി മറിയം ബീവി, പുളിച്ചിമാക്കൽ, പുന്നവേലി എന്നീ ഗുണഭോക്താക്കൾ പശുവിനെ വാങ്ങിയിരിക്കുന്നത് യഥാക്രമം 04.07.2020 ലും 01.07.2020 ലും ആണ്.

അപാകതകൾ 11.03.2022ലെ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന നിർവ്വണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കാത്ത സാഹചര്യത്തിൽ, പ്രോജക്ടിനായി ചെലവഴിച്ച 325000രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 ഹരിതകർമ്മസേനയുടെ പ്രവർത്തനം നിലച്ചു

ശുചിത്വം, മാലിന്യ സംസ്കരണം, ജൈവകൃഷിരീതിക്ക് പ്രമുഖ്യം കൊടുത്തുകൊണ്ടുള്ള കാർഷിക വികസനം എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ സർക്കാർ രൂപം നൽകിയിട്ടുള്ള ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമപ്പഞ്ചായത്തിൽ രൂപീകൃതമായ ഹരിതകർമ്മസേന നിലവിൽ പ്രവർത്തിക്കുന്നില്ല. 2018ലാണ് ഹരിതകർമ്മസേന രൂപീകരിച്ചത്. നിലവിൽ 26 സേനാംഗങ്ങളാണ് ഉള്ളത്. ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് സൂക്ഷിക്കുന്നതിനായി എം.സി.എഫ്. ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവരെ സ്വയംപര്യാപ്തമാക്കുന്നതിനുമായി റോയൽ അസോസിയേറ്റ്സ് എന്ന ഹരിത സഹായ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ടി സ്ഥാപനത്തിന് തുക നൽകുന്നതിനായി "ഹരിതസഹായ സ്ഥാപനത്തിന് ഫണ്ട് അനുവദിക്കൽ " [(നം.168/2020]എന്ന പ്രോജക്ട് ആവിഷ്കരിക്കുകയും 126756രൂപ കൈമാറുകയും ചെയ്തിരുന്നു. റോയൽ അസോസിയേറ്റ്സിന്റെ പ്രവർത്തനം തൃപ്തികരമായിരുന്നെന്നും, 2021ഒക്ടോബർ മാസം വരെ ഹരിതകർമ്മസേന പ്രവർത്തിച്ചിരുന്നെന്നും ഓഡിറ്റ് എൻക്വയറി നം.16നുള്ള മറുപടിയിൽ വിഇഒ അറിയിച്ചു. തുടർന്ന് ഈ പ്രോജക്ട് മുമ്പോട്ടു കൊണ്ടുപോകുന്നതിൽ ഗ്രാമപ്പഞ്ചായത്ത് പരാജയപ്പെട്ടു. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമപ്പഞ്ചായത്ത് തലത്തിൽ വിലയിരുത്തുകയോ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

പ്ലാസ്റ്റിക് മാലിന്യത്തിന്റെ കെടുതികളിൽനിന്നും പരിസ്ഥിതിയെ ഒരു പരിധിവരെ സംരക്ഷിക്കുന്നതിന് സഹായകരമാകുമായിരുന്ന ഈ സംരംഭം ഇല്ലാതായിപ്പോയത് ഗ്രാമപ്പഞ്ചായത്ത് ഭരണ സമിതിയുടെ ജാഗ്രതക്കുറവുകൊണ്ടാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 പൊതു ടാപ്പുകളുടെ വെള്ളക്കരം - പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 15.77ലക്ഷം രൂപ

എ) പ്രോജക്ട് വഴി അടവാക്കിയ വെള്ളക്കരം ആ ഇനത്തിൽ വരവ് വച്ചതായി പരിശോധിക്കുന്നില്ല

2019-20 സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്ന് വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിലുള്ള ആകെ ഡിമാന്റ് 15,77,631 രൂപയാണ്. ടാപ്പൊന്നിന് 5250 രൂപ കണക്കിനാണ് വെള്ളക്കരം ഡിമാന്റ് ചെയ്യുന്നത്. ഏപ്രിൽ മുതൽ ജൂൺ മാസം വരെ 299 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. ഇത് പ്രതിമാസം 1,30,813 രൂപയാണ്. ജൂലൈ മുതൽ മാർച്ച് 2020 വരെ 301 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. ഇത് പ്രതിമാസം 1,31,688രൂപയാണ്. സാമ്പത്തിക വർഷം പ്രതിമാസം ഗ്രാമപഞ്ചായത്ത് വെള്ളക്കരം അടവാക്കിയിരുന്നില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തൻവർഷം വെള്ളക്കരം അടവാക്കിയിരിക്കുന്നത്. ഇതിനായി മെയിന്റനൻസ് ഫണ്ട് (റോഡിതരം)-ൽ നിന്നും 9,88,700 രൂപയാണ് ചെലവഴിച്ചത് (പ്രൊജക്ട് നം. 8/20). ഇപ്രകാരം അടവാക്കിയ തുക കഴിച്ചുള്ള തുകയാണോ വാട്ടർ അതോറിറ്റി തൊട്ടടുത്ത മാസം മുതൽ ഡിമാന്റ് ചെയ്തിരിക്കുന്നത് എന്ന് വ്യക്തത വരുത്തുന്നതിനായി പ്രൊജക്ട് വച്ച് തുക അടവാക്കിയ മാസത്തെയും തൊട്ടടുത്ത മാസത്തെയും വെള്ളക്കരം ഡിമാന്റ് ചെയ്ത നോട്ടീസ് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടും (നം. 24/14.03.2022) ഹാജരാക്കിയില്ല. ഇപ്രകാരം ഒരു പരിശോധന ഗ്രാമപഞ്ചായത്ത് നാളിതുവരെ നടത്തിയിട്ടില്ല എന്ന് അന്വേഷണകുറിപ്പിന്റെ മറുപടിയിൽ വ്യക്തമാണ്. അടിയന്തിരമായി ഇത് പരിശോധിച്ച് ബില്ലിൽ കുറവ് വന്നിട്ടില്ലെങ്കിൽ പ്രസ്തുത വിവരം വാട്ടർ അതോറിറ്റിയിൽ അറിയിച്ച് കുടിശ്ശികയിൽ കുറവു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി) സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇത്തരത്തിൽ സംയുക്തപരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 9/09.03.2022) സംയുക്തപരിശോധന നടത്തിയത് സംബന്ധിച്ച് യാതൊരു വിവരവും

ലഭ്യമാക്കിയില്ല.

സി) പൊതുടാപ്പുകളുടെ രജിസ്റ്റർ.

വെള്ളക്കരം ഒടുക്കുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി വാർഡ് അടിസ്ഥാനത്തിൽ പൊതുടാപ്പുകളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഡി) ഗാർഹിക കണക്ഷൻ അനുവദിച്ചതിന്റെ വിവരം.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കുക, ഇതു നടപ്പിലാക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തെരുവ് ടാപ്പുകൾ ക്രമേണ നിർത്തലാക്കുക എന്നതാണ് പതിമൂന്നാം പദ്ധതിയുടെ പദ്ധതിയുടെ സമീപനം. ഇപ്രകാരം ഗാർഹിക കണക്ഷനുള്ള പ്രോജക്ടുകൾ വർഷാ വർഷം നടപ്പിലാക്കുന്നുണ്ടെങ്കിലും ഇതിനാനുപാതികമായി ആ പ്രദേശത്തുള്ള തെരുവ് ടാപ്പുകൾ കുറവ് ചെയ്യുന്നില്ല.

ഓഡിറ്റ് നിർദ്ദേശം

- വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി സംയുക്തപരിശോധന നടത്തേണ്ടതും ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.
- സംയുക്തപരിശോധന നടത്തിയതിനു ശേഷം വാർഡ് അടിസ്ഥാനത്തിലുള്ള പൊതുടാപ്പുകളുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 പൊതുടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടിയില്ല

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം അതതുമാസം ഒടുക്കുവരുത്താത്തതിനാൽ ഈയിനത്തിൽ കുടിശ്ശികത്തുക പെരുകുന്നു. കുടിശ്ശികത്തുകയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2 ശതമാനം നിരക്കിലാണ് പിഴപ്പലിശ ഈടാക്കുന്നത്. നിലവിലെ (ഫെബ്രുവരി 2022) പൊതുടാപ്പുകളുടെ വെള്ളക്കരത്തിന്റെ ഡിമാന്റ് നോട്ടീസ് പരിശോധിച്ചതിൽ, പ്രതിമാസ വെള്ളക്കരം 47,320 രൂപയും (103 ടാപ്പുകളുടെ) കുടിശ്ശികയിനത്തിൽ 2,29,49,01 രൂപയും തൻമാസത്തെ ഫൈൻ ഇനത്തിൽ 4,50,160 രൂപയും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.06.2012 ലെ സ.ഉ(സാ).1583/12/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കേണ്ടതാണെന്നും, ഈ ഇനത്തിൽ കുടിശിക ഉണ്ടാകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തനത് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പ്രതിമാസം വെള്ളക്കരം ഒടുക്കാതിരിക്കുന്നതെന്നാണ് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചു. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, 243/20, 244/20 എന്നീ പ്രോജക്ടുകൾ പ്രകാരം 2,24,191 രൂപ വീതം വെള്ളക്കര കുടിശ്ശികയിനത്തിൽ ആകെ 4,48,382 രൂപ (വികസന ഫണ്ട്) തൻവർഷം ഒടുക്കിയിട്ടുണ്ട്. പദ്ധതി വഴി നൽകിയ തുക കിഴിച്ചുള്ള തുകയാണോ വാട്ടർ അതോറിറ്റി തൊട്ടടുത്ത മാസം മുതൽ ഡിമാന്റ് ചെയ്തിരിക്കുന്നത് എന്ന് പഞ്ചായത്ത് പരിശോധിച്ചിട്ടില്ല. ഇതിന്റെ പരിശോധനയ്ക്കായി തുക നൽകിയ മാസത്തെയും തൊട്ടടുത്തമാസത്തെയും വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 24/14.03.2022) മറുപടി ലഭ്യമാക്കിയില്ല. ഇത് പരിശോധിച്ച് ബില്ലിൽ കുറവ് വന്നിട്ടില്ലെങ്കിൽ പ്രസ്തുത വിവരം വാട്ടർ അതോറിറ്റിയിൽ അറിയിച്ച് കുടിശ്ശികയിൽ കുറവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പ്രതിമാസമുള്ള വെള്ളക്കരം ഒടുക്കുന്നതിനോടൊപ്പം കുടിശ്ശിക തീർക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. മതിയായ തനത് ഫണ്ടിന്റെ അഭാവത്തിൽ മെയിന്റനൻസ് ഗ്രാന്റ് കുടിവെള്ളക്കരം ഒടുക്കുന്നതിന് വിനിയോഗിക്കുന്നതിനും, നിലവിലുള്ള വെള്ളക്കരകുടിശ്ശികയുടെ പിഴപ്പലിശ ഒഴിവാക്കി ലഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് ഉപയോഗിച്ച് കുടിശ്ശികത്തുക മുഴുവനും ഒടുക്കുവാൻ കഴിയില്ല എന്നിരിക്കേ ഈ വിഷയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

- ജല അതോറിറ്റിക്ക് ഒടുക്കുവാനുള്ള തുക അതത് മാസം തന്നെ ഒടുക്കുവാനും കുടിശ്ശിക വരുത്താതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
- നിലനിൽക്കുന്ന കുടിശ്ശിക തീർപ്പുകൽപിക്കുന്നതിനായി വിഷയം അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് സംവിധാനം നടപ്പാക്കിയില്ല - പ്രതിവർഷ ബാദ്ധ്യത 6 ലക്ഷം

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചില്ലാത്തതിനാൽ, ഉപയോഗിക്കാത്ത വൈദ്യുതിയ്ക്ക് ചാർജ്ജ് ഒടുക്കുന്ന അവസ്ഥയാണുള്ളത്. തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇനത്തിൽ ഓഡിറ്റ് വർഷം 5,84,264 രൂപയാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപ്പഞ്ചായത്തുകൾക്കുണ്ടാകുന്ന ഭീമമായ ചെലവ് ഇല്ലാതാക്കുവാനും ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുവാനും സാഹചര്യം ഉണ്ടാക്കുവാനായാണ് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ മുന്നോട്ടുവച്ചതും ആയതിനായി കെ.എസ്.ഇ.ബി യിൽ തുക ഡെപ്പോസിറ്റ് ചെയ്യുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചതും. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം വന്നിട്ട് കാലങ്ങളായിട്ടും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുവാൻ നാളിതുവരെ ഗ്രാമപ്പഞ്ചായത്തിന് സാധിക്കാതിരുന്നത് പദ്ധതി ആസൂത്രണത്തിലുണ്ടായ വീഴ്ചയാണ്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി. പ്രതിമാസം ഡിമാന്റ് ചെയ്യുന്ന ഭീമമായ തുക ഒടുക്കുവാൻ ഗ്രാമപ്പഞ്ചായത്ത് നിർബന്ധിതരാകുകയും തനത് ഫണ്ടിൽ നിന്ന് ഈയിനത്തിൽ വൻതുക ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കി, ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 റോഡ് കോൺക്രീറ്റിംഗ്:സി.പി,ഒഎച്ച് കുറയ്ക്കാതെ ഗുണഭോക്തൃസമിതിയുടെ ബില്ല് തീർപ്പാക്കി

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ കരാറുകാരന്റെ ലാഭം(സി.പി),ഓവർഹെഡ് ചാർജ്(ഒ.എച്ച്) എന്നിവ കുറയ്ക്കാതെ ഗുണഭോക്തൃസമിതിയുടെ ബില്ല് തീർപ്പാക്കി.

അസി.എഞ്ചിനിയർ നടപ്പാക്കിയ ചിൽഡ്രൻസ് പാർക്ക് കൊണ്ടിയാംകുന്ന് റോഡ് കോൺക്രീറ്റിംഗി(പ്രോജക്ട് S0220/20)ലാണ് മരാമത്ത് ചട്ടവും,ചീഫ് എഞ്ചിനിയറുടെ സർക്കുലറും(DB3-9058/17/CE/LSGD,16.3.18) ലംഘിച്ച് ഗുണഭോക്തൃസമിതിക്ക് തുക നല്കിയത്.ഇതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് 7330രൂപയുടെ അധിക ചെലവുണ്ട്.

ഗുണഭോക്തൃസമിതി നിർവഹിച്ച പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ 15% സി.പി, ഒഎച്ച് ഉൾപ്പെട്ടതായി ഡേറ്റ അനാലിസിസ് (Data Analysis EST NO 2018/128441) വ്യക്തമാക്കുന്നുണ്ട്.ഗുണഭോക്തൃസമിതിക്ക് സി.പി അനുവദനീയമല്ല.ജിഎസ് ടി ബാധ്യതയില്ലാത്തതിനാൽ സമിതിക്ക് ഒ.എച്ചി(5%)നും അർഹതയില്ലെന്ന് ചീഫ് എഞ്ചിനിയറുടെ സർക്കുലർ വ്യക്തമാക്കുന്നുണ്ട്. രണ്ടിനങ്ങളിൽ എസ്റ്റിമേറ്റിൽ 15% മാണ് അധികം അനുവദിച്ചത്.അതിനാൽ കൺവീനറുടെ ബില്ലിൽ നിന്നും 15% കുറവ് ചെയ്യേണ്ടിയിരുന്നു.

പ്രോജക്ടിന്റെ എം.ബുക്ക് 3/2019-20 അനുസരിച്ച് ആകെ മൂല്യം 48868 രൂപയാണ്. ആകെ മൂല്യത്തിന്റെ 15% -7330രൂപയാണ് കുറവ് ചെയ്യേണ്ടിരുന്നത്.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തി(13/10.03.2022)ന് സി.പി,ഒഎച്ച് 15% കുറയ്ക്കാഞ്ഞത് ക്ളറിക്കൽ പിഴവാണെന്നും കൺവീനറിൽ നിന്നും തുക ഉടനെ തന്നെ ഈടാക്കി പദ്ധതിയുടെ ആർഒപി അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതാണെന്നും അസി.എഞ്ചിനിയർ മറുപടി നല്കിയിട്ടുണ്ട്.അത് അംഗീകരിക്കുന്നു.കൺവീനറിൽ നിന്നും തുക ഈടാക്കിയ വിവരം ലഭിക്കുന്നത് വരെ 7330രൂപ അസി.എഞ്ചിനിയറുടെ ബാധ്യതയായി നിലനിർത്തുന്നു.

ഗുണഭോക്തൃസമിതിയുടെ പണം ഇടപാടുകൾ വിശദീകരിക്കുന്ന സംയുക്ത ബാങ്ക് പാസ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയില്ല.കൺവീനറുടെ സ്വകാര്യ അക്കൗണ്ടിലേക്കാണ് ബിൽതുക നല്കിയത്.പ്രോജക്ടിന്റെ അടങ്കൽ 50000രൂപയിൽ താഴെയായ തിനാൽ ജോയിന്റ് അക്കൗണ്ട് തുടങ്ങാൻ ഗുണഭോക്തൃസമിതി ബുദ്ധിമുട്ട് അറിയിച്ചതി നാലാണ് കൺവീനറുടെ അക്കൗണ്ടിലേക്ക് തുക നല്കിയതെന്ന് ഓഡിറ്റ് അന്വേഷണ മ റുപടിയിൽ അസി.എഞ്ചിനിയർ അറിയിച്ചു.മറുപടി മാർഗരേഖക്ക് എതിരായതിനാൽ അംഗീകരിക്കുന്നില്ല.ഗുണഭോക്തൃസമിതി നിർവഹണത്തിൽ മാർഗനിർദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് വികസന സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

ഗുണഭോക്തൃസമിതിക്ക് 2% ആദായനികുതി ബാധ്യതയുണ്ടെങ്കിലും 1% മാണ് ബില്ലിൽ പിടിച്ചത്.ഇതിനാൽ 489രൂപ കേന്ദ്ര സർക്കാരിന് നഷ്ടമുണ്ട്.കുറവ് തുക കൺവീനറിൽ നിന്ന് ഈടാക്കി അടയ്ക്കുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. അത് അംഗീകരിക്കുന്നു.

പ്രോജക്ടിന്റെ വിവരണം.

അടങ്കൽ 49500രൂപ (റോഡ് സംരക്ഷണ ഗ്രാന്റ്),ചെലവ്: ബിൽ റഫറൻസ് നം.19050852011800817525,13.11.2019 -49438രൂപ.

കൺവീനർ: മാർട്ടിൻ തോമസ് ,ചുളവനാക്കുഴിയിൽ,പുന്നവേലി.

## 1-24 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരെ യഥാസമയം ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നില്ല

എഫ്.എച്ച്.സി അല്ലാതെ മറ്റ് ആശുപത്രികൾ ഒന്നും തന്നെ ഇല്ലാത്ത പഞ്ചായത്താണ് ആനിക്കാട്. അതിനാൽ തന്നെ ഗ്രാമപഞ്ചായത്തിൽ മരണപ്പെടുന്നവരുടെ എല്ലാവരുടെയും വിവരം ഇവിടെ രജിസ്റ്റർ ചെയ്യപ്പെടുന്നില്ല. 2019-ൽ മസ്റ്ററിംഗ് നടത്തിയതിന് ശേഷം മരണപ്പെട്ടതും, ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ, സേവന സിവിൽ രജിസ്റ്റർ എന്നിവയിൽ ഏതാനും ഗുണഭോക്താക്കളുടെ വിശദാംശമാണ് പരിശോധിച്ചത്. പരിമിതമായ സമയത്തിനുള്ളിൽ നടത്തിയ പ്രാഥമിക പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സഹകരണ ബാങ്ക് മുഖേന ഡയറക്ട് റ്റു ഹോം രീതിയിൽ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ ഇക്കാര്യം ഡി.ബി.റ്റി.-യിൽ രേഖപ്പെടുത്തുന്നുണ്ട്. ഇത്തരത്തിലുള്ള ഗുണഭോക്താക്കളെപ്പറ്റി അന്വേഷണം നടത്തി യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യുന്നില്ല. ഇതുമൂലം സർക്കാർ ഫണ്ടിൽ നിന്നും തുക സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് ഇടയാകുന്നുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | പങ്കജാഷിയമ്മ ഈട്ടിക്കമലയിൽ | വാർദ്ധക്യകാലം | 103720200105 | 30.06.2021 | 6/21 മുതൽ തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 2 | ശങ്കരൻ ആചാരി കാവിയിൽ മുള്ളൻകുഴിയിൽ | ” | 103720200111 | 14.02.2019 | 8/2019 മുതൽ തുക തടഞ്ഞുവച്ചിരിക്കുന്നു |

ഇവരുടെ അക്കൗണ്ട് സസ്പെന്റ് ചെയ്ത് അനർഹമായ കാലയളവിലെ തുക ബാങ്ക് തിരിച്ചടച്ചതായി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടോന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നം. 23/14.03.2022 മറുപടി ലഭ്യമാക്കിയിട്ടില്ല.

പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ(എം.എസ്)97/2020/ധന തീ.23.09.2020 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ഇന്ദിരാഗാന്ധി വിധവാ പെൻഷൻ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ ആക്ടീവ് പെൻഷണേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട് നിലവിലും പെൻഷൻ തുക കൈപ്പറ്റുന്നവരാണെന്ന് ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | രേഖപ്പെടുത്തിയിരിക്കുന്ന വയസ് | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1. | പൊന്നമ്മ സുകുമാരൻ ആലക്കൽ വീട് വാർഡ് 13 | 103720600041 | 99 | ജനുവരി 2022 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 2. | പങ്കജാക്ഷിയമ്മ മേലേക്കര വീട് വാർഡ് 8 | 103720600045 | 97 | ” |
| 3. | തങ്കമ്മ കെ.വി. കൊച്ചേഴത്തിൽ വാർഡ് 6 | 103720600046 | 108 | ” |
| 4. | തങ്കമ്മ എ. പി. കുന്നപ്പള്ളിൽ വാർഡ് 5 | 103720600047 | 104 | ” |

| | | | | | |
|---|---|---|---|---|---|
| 5. | രാധാമണി പി.ആർ. പുള്ളോലിൽ വാർഡ് 6 | 103720600049 | 105 | | ” |
| 6. | ചിന്നമ്മ മാധവൻ കിഴക്കേതിൽ വീട് വാർഡ് 9 | 103720600055 | 108 | | ” |
| 7. | അന്നമ്മ ബൈജു പതിയാത്തിങ്കൽ വാർഡ് 2 | 103720600058 | 94 | | ” |
| 8. | ഗായത്രി സതീഷ് പൂവക്കാട്ടു വീട് വാർഡ് 8 | 103720600060 | 103 | | ” |
| 9. | പി. ജി. ഉഷാകുമാരി മേപ്രത്ത് വീട് വാർഡ് 7 | 103720600069 | 104 | | ” |
| 10. | അമ്മുകുട്ടായി ഗോപാലൻ പുള്ളോലിക്കൽ വാർഡ് 13 | 103720600089 | 104 | | ” |

ഗ്രാമപഞ്ചായത്തിലുള്ളത് അപൂർണ്ണമായ മരണരജിസ്റ്ററായതിനാൽ മേൽ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നവർ മരണപ്പെട്ടവരാണോ അതോ ജീവിച്ചിരിക്കുന്നവരാണോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വാർഡ് മെമ്പർമാർ/ആശാവർക്കർ എന്നിവരിൽ നിന്നും ഇത് സംബന്ധിച്ച കൃത്യമായ വിവരം ശേഖരിച്ച് മരണപ്പെട്ടവരെ ആക്ടീവ് പെൻഷണേഴ്സ് ലിസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

മരണമടയുന്നവരുടെ വിവരങ്ങൾ അതത് വാർഡ് മെമ്പർമാർ വഴി എല്ലാ മാസവും ശേഖരിക്കുകയും ആയതിൽ പരിശോധന നടത്തി സേവന സോഫ്റ്റ് വെയറിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിനെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാത്തപക്ഷം സർക്കാർ ഫണ്ടിൽ നിന്നും തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കളുടെ അവകാശികൾ അനർഹമായി തുക കൈപ്പറ്റുന്നതിനും സാഹചര്യമുണ്ടാകുന്നു. ഇത്തരത്തിൽ അനന്തരവകാശികൾ അനർഹമായി പെൻഷൻ ആനുകൂല്യം ആരെങ്കിലും കൈപ്പറ്റിയാൽ തുക അരിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാരിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്. അല്ലാത്ത പക്ഷം അത് ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

മരണം സാക്ഷ്യപ്പെടുത്തുമ്പോൾ തന്നെ സേവന സോഫ്റ്റ്‌വെയർ മുഖേന പെൻഷനുകൾ സസ്പെൻഡ് ചെയ്യുന്നതിന് കഴിയുന്നില്ല

പെൻഷനറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതിയിൽ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ്‌വെയറിൽ ഉണ്ടാകേണ്ടതാണ്. അർഹത ഇല്ലാതായതു മുതൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്ന കാലയളവു വരെയുള്ള മാസങ്ങളിൽ പെൻഷൻ അനർഹർക്ക് വിതരണം ചെയ്യാനുള്ള സാഹചര്യം ഒഴിവാക്കുവാൻ സേവനയിൽ ആവശ്യമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതാണ്.

## 1-25 ഗുണഭോക്തൃസമിതി നിർവഹണം:ഒ എച്ച് കുറച്ചില്ല

ഗുണഭോക്തൃസമിതി നിർവഹിച്ച മരാമത്ത് പ്രോജക്റ്റുകളിൽ ഒ.എച്ച് കുറച്ചില്ല. പ്രോജക്റ്റുകൾക്ക് 7.5% ഒ.എച്ച് നല്കിയതായി എസ്റ്റിമേറ്റിന്റെ ഡേറ്റ അനാലിസിസ് വ്യക്തമാക്കുന്നു. ഗുണഭോക്തൃ സമിതിക്ക് ജിഎസ് ടി ബാധ്യതയില്ല.സമിതി ജിഎസ് ടി ഒടുക്കിയതായി രേഖയില്ല. അതിനാൽ ചീഫ് എഞ്ചിനിയറുടെ സർക്കുലർ(DB3-9058/17 /CE/LSGD,16.3.18)അനുസരിച്ച് ആകെ മൂല്യത്തിൽ നിന്നും 5% കുറവ് ചെയ്യേണ്ടിയിരുന്നു.അങ്ങനെ ചെയ്യാതെ കൺവീനർമാർക്ക് ബിൽ തുക നല്കിയതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ അധിക ചെലവ് താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | എം.ബുക്ക് | ആകെ മൂല്യം | കുറവ് ചെയ്യേണ്ടതുക |
|---|---|---|---|
| പ്രോജക്റ്റ്.S0212/20 -സിഎംഎസ് പടി പുത്തൻപുരയ്ക്കൽ പടി റോഡ് | 05/2019-20 | 48029 | 2401 |

| | | | |
|---|---|---|---|
| സംരക്ഷണ ഭിത്തി നിർമ്മാണം.<br>അടങ്കൽ 49000രൂപ(റോഡ് സംരക്ഷണ ഗ്രാന്റ്)<br>കൺവീനർ-വി.ടി തോമസ്,വട്ടച്ചാക്കൽ,ആനിക്കാട്.<br>ബിൽ റഫൻസ് നം.19050852011800817528/13.11.2019-48029 രൂപ.കൺവീനറുടെ എസ് ബി ഐ അക്കൗണ്ടിലേക്ക് 47069രൂപ നല്കി | | | |
| പ്രോജക്ട് S0211/20-അട്ടക്കുളം പുത്തൻ പുരയ്ക്കൽ റോഡ് സംരക്ഷണഭിത്തി നിർമ്മാണം.<br>അടങ്കൽ 49000രൂപ(റോഡ് സംരക്ഷണഗ്രാന്റ്)<br>കൺവീനർ-വി.ജി വർഗീസ്,വട്ടച്ചാക്കൽ ,പുന്നവേലി.<br>കൺവീനർക്ക് നല്കിയത് 46906രൂപ ബാങ്ക് അക്കൗണ്ട് നമ്പർ SBI 57041923881<br>ബിൽ റഫറൻസ് നമ്പർ19050852011800817522/13.11.2019-<br>47864രൂപ. | 2/2019-20 | 47864 | 2393 |
| പ്രോജക്ട് S0219/20 കാവുങ്കര പുള്ളോലിൽ റോഡ് കോൺക്രീറ്റിംഗ്.<br>49000 റോഡ് സംരക്ഷണ ഗ്രാന്റ്<br>കൺവീനർ എൻ ഡി പ്രസാദ് ,നരിയാനി പൊയ്കയിൽ,വായ്പൂര്<br>കൺവീനർക്ക് 47890രൂപ നല്കിയ ബാങ്ക് അക്കൗണ്ട് SBI 67257779971<br>ബിൽ റഫറൻസ് നമ്പർ 19050852011800817530/13.11.2019 -48868രൂപ. | 3/2019-20 | 48868 | 2443 |
| ആകെ | | | 7237 |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ(21/11.3.2022)ന് ക്ളറിക്കൽ പിഴവ് മൂലമാണ് 5%ഒഎച്ച് കുറയ്ക്കാഞ്ഞതെന്നും കൺവീനർമാരിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന തുക ഈടാക്കി ആർഒപി അക്കൗണ്ടിൽ തിരിച്ചടയ്ക്കുന്നതാണെന്ന് അസി.എഞ്ചിനിയർ മറുപടി നല്കിയിട്ടുണ്ട്.അത് അംഗീകരിക്കുന്നു.തിരിച്ചടവ് രേഖ ഓഡിറ്റിന് ലഭിക്കുന്നത് വരെ 7237രൂപ അസി.എഞ്ചിനിയറുടെ ബാധ്യതയായി നിലനിർത്തുന്നു.

മുകളിലെ പ്രോജക്ടുകളിൽ ബിൽ തുക നല്കിയിരിക്കുന്നത് കൺവീനർമാരു ടെ ബാങ്ക് അക്കൗണ്ടിലേക്കാണ്.പ്രോജക്ടുകൾ നിർവഹിച്ചത് ഗുണഭോക്തൃസമിതിയാണെന്ന് തെളിയിക്കുന്നതിന് സംയുക്ത ബാങ്ക് പാസ് ബുക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടയിരുന്നു.ഓഡിറ്റ് അന്വേഷണത്തിൽ സംയുക്തബാങ്ക് പാസ് ബുക്ക് ആവശ്യപ്പെട്ടിരുന്നു. പ്രോജക്ടുകളുടെ അടങ്കൽ 50000രൂപയിൽ താഴെയായ തിനാൽ ജോയിന്റ് അക്കൗണ്ട് തുടങ്ങാൻ ഗുണഭോക്തൃസമിതികൾ ബുദ്ധിമുട്ട് അറിയിച്ചതിനാലാണ് കൺവീനർമാരുടെ അക്കൗണ്ടിലേക്ക് തുക നല്കിയതെന്ന് ഓഡിറ്റ് അന്വേഷണ മറുപടിയിൽ അസി.എഞ്ചിനിയർ അറിയിച്ചു.മറുപടി മാർഗരേഖക്ക് എതിരാണ്.ഗുണഭോക്തൃസമിതി നിർവഹണത്തിൽ മാർഗനിർദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് വികസന സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

മുകളിൽ വിവരിച്ച പ്രോജക്ടുകളിൽ 1% ആദായ നികുതിയാണ് ഈടാക്കിയത്. ഗുണഭോക്തൃസമിതിക്ക് 2% ആദായനികുതി പിടിക്കണം.ആദായനികുതിയിലെ കുറവ് താഴെ ചേർക്കുന്നു:

| പ്രോജക്ട് നമ്പർ | ഈടാക്കേണ്ട ആദായനികുതി |
|---|---|
| S0211/20 | 480 |
| S0211/20 | 479 |
| S0219/20 | 489 |

കുറവ് ഉടൻപരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണമറുപടിയിൽ അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.ക്രമീകരണവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ലോകബാങ്ക് സഹായം 5.9ലക്ഷം തനത് ഫണ്ട് നിക്ഷേപമാക്കി

ലോകബാങ്ക് സഹായം 596020രൂപ തനത് ഫണ്ട് നിക്ഷേപമാക്കി നിലനിർത്തി. ഗ്രാമപഞ്ചായത്തിലെ പി എച്ച് എസി കെട്ടിടം പണിയുന്നതിന് സർക്കാർ അനുവദിച്ച ലോകബാങ്ക് സഹായത്തിൽ ഉൾപ്പെട്ടതാണിത്. 2017-18ലാണ് സർക്കാർ 2കോടി രൂപ സഹായം അനുവദിച്ചത്.കെട്ടിടം പണിത് അന്തിമ ബില്ല് 31.01.2018ൽ തീർപ്പാക്കിയിരുന്നു. അന്തിമബില്ലിൽ പിടിച്ച സർവീസ് ടാക്സാണ് ഈ തുക.എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പ്രോജക്ടിന് 5 % സർവീസ് ടാക്സ്

ബാധകമായിരുന്നു. അതിനാൽ എസ്റ്റിമേറ്റിൽ ഈ തുകയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ അന്തിമബില്ല് നല്കുമ്പോൾ സർവീസ് ടാക്സ് ഒഴിവാക്കപ്പെട്ടിരുന്നു. അതിനാലാണ് നിർവഹണഉദ്യോഗസ്ഥൻ തുക ബില്ലിൽ കുറവ് ചെയ്ത് സെക്രട്ടറിക്ക് നല്കിയത്. സെക്രട്ടറി തുക തനത് ഫണ്ടിന്റെ യൂണിയൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ് റിട്ടൻഷൻ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി നിഷ്ക്രിയ നിക്ഷേപമായി നിലനിർത്തിയിരിക്കുന്നു. വാർഷിക കണക്ക് ബാക്കി പത്രത്തിലും ഈ ശീർഷകത്തിലാണ് തുക ഉൾപ്പെട്ടിട്ടുള്ളത്. തുക ഗ്രാമപഞ്ചായത്ത് ഫണ്ട് അല്ലാത്തതിനാൽ സർക്കാരിൽ തിരിച്ച് അടയ്ക്കേണ്ടതാണ്. അല്ലെങ്കിൽ സർക്കാർ അനുമതിയോടെ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് ചെലവഴിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം ഡെപ്പോസിറ്റ് രജിസ്റ്ററിലെ ശീർഷകം ശരിയാക്കേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ് റിട്ടൻഷൻ എന്ന ശീർഷകത്തിൽ 27862രൂപ കൂടി ഓഡിറ്റ് സമയത്തും നീക്കിയിരിപ്പ് കാണുന്നു. 23.1.2018ൽ അസി.എഞ്ചിനിയറിൽ നിന്ന് ലഭിച്ചതായാണ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ. എന്നാൽ ഇത് കരാറുകാരിൽ നിന്ന് പിടിച്ച റിട്ടൻഷൻ അല്ലെന്ന് അസി.എഞ്ചിനിയർ ഓഡിറ്റ് അന്വേഷണം(7/11.03.2022)ത്തിന് മറുപടി നല്കിയിട്ടുണ്ട്. അതിനാൽ ഈ തുക ഏത് ശീർഷകത്തിലേതാണെന്ന് പരിശോധിച്ച് സർക്കാർ ഫണ്ട് അല്ലെങ്കിൽ മൂന്ന് വർഷകാലാവധി കഴിഞ്ഞതിനാൽ തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. സർക്കാർ ഫണ്ടാണെങ്കിൽ ബന്ധപ്പെട്ട ട്രഷറി ശീർഷകത്തിൽ തിരികെ ഒടുക്കി ചെല്ലാൻ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതുന്നത് കൃത്യതയോടെ അല്ലെന്ന് മുകളിലെ ഓഡിറ്റ് നിരീക്ഷണം തെളിയിക്കുന്നു.ഡെപ്പോസിറ്റുകൾ ലഭിക്കുമ്പോൾ അതിന്റെ കൃത്യമായ വിവരണം ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റുകൾ തിരികെ നല്കുമ്പോഴും അതിന്റെ വിവരണം ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുന്നില്ല.കാലാഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സമയബന്ധിതമായി മുതൽ കൂട്ടുന്നുമില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി രജിസ്റ്റർ പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ നിർദേശിക്കേണ്ടതാണ്.

## 1-27 ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിൽ വിദേശത്ത് വസിക്കുന്ന ധാരാളം ഭവനങ്ങളുടെ വസ്തു നികുതി സാമ്പത്തിക വർഷം വേക്കൻസി റെമിഷൻ പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. ദൈനംദിന ചെലവുകൾക്ക് പോലും മതിയായ തനത് ഫണ്ട് ഇല്ലാത്ത ഗ്രാമപഞ്ചായത്തിന് ഇപ്രകാരം വരുന്ന അപേക്ഷകളിൽ തുടർനടപടികൾ എടുക്കുമ്പോൾ ഇത്തരക്കാരിൽ നിന്നും ദുരിത്വാശ്വാസ നിധിയിലേക്ക് സംഭാവന സ്വീകരിക്കാനുള്ള അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്. ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഒടുക്കിയില്ല

ഗ്രാമപ്പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി 1450 മീറ്റർ ദൂരത്തിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. മല്ലപ്പള്ളി സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ 29.10.2019ൽ DB/ES-MLPY/19-20 -ാം നമ്പർ കത്ത് മുഖേന 175525 രൂപയുടെ എസ്റ്റിമേറ്റ് നൽകിയിരുന്നു. സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി തൻവർഷം ആവിഷ്കരിച്ച 71/2020-ാം നമ്പർ പ്രോജക്ടിൽ മതിയായ ഫണ്ട് ഇല്ലാതിരുന്നതിനാൽ 157075രൂപ മാത്രമാണ് കെ.എസ്.ഇ.ബിയിൽ അടച്ചത്. അവശേഷിക്കുന്ന 18450 രൂപ തുടർന്ന് അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, പ്രവൃത്തിയുടെ പൂർത്തീകരണ വിവരവും ലഭ്യമാക്കണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയോട് 10.03.2022 ൽ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന നിർദ്ദേശിച്ചിരുന്നു. കെ.എസ്.ഇ.ബിയിൽനിന്നും 157075രൂപയുടെ വിനിയോഗ സാക്ഷ്യപത്രം നൽകിയത് ഓഡിറ്റിന് ലഭ്യമാക്കിയെങ്കിലും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് മറുപടിയും പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ച്

വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 10.03.2022 | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 40000 | ലൈഫ് ഭവന നിർമ്മാണം (SC) | 40000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 367500 | വീട് വാസയോഗ്യമാക്കൽ | 367500 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുള്ളതിന്റെയും തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | വഴിവിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ നീട്ടൽ | 400000 | 400000 | 0 |
| കേരള വാട്ടർ അതോറിറ്റി | സിഎംഎസ് ഹൈസ്കൂൾപ്പടി -കണ്ണന്താനം റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 175000 | 0 | 175000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | 8650000 | 2451590 | 372938 | 27062 | 2078652 |
| KURDFC ലൈഫ് | 2400000 | 2400000 | 417022 | 0 | 1982978 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 953 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-4 | 953 | ശ്രീമതി ഹഫ്സാബീവി കെ.എ., സീനിയർ ക്ലർക്ക് | 120050101541/03.03.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 43293371 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 36134464 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 14567 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 325000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 7330 | ശ്രീ.ദിലീപ് എസ്.ചീരംതോട്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-25 | 7237 | ശ്രീ.ദിലീപ് എസ്.ചീരംതോട്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 14567 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-18 | 325000 | ശ്രീമതി മേരി ബിൽന ചാണ്ടി, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മേരി ബിൽന ചാണ്ടി, വെറ്ററിനറി സർജൻ | വെറ്ററിനറി പോളി ക്ലിനിക്ക്, തിരുവല്ല | കരിമലത്ത്, പുറമറ്റം പി.ഒ., പത്തനംതിട്ട ജില്ല |
| ശ്രീ.ദിലീപ് എസ്.ചീരംതോട്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്ത്, മല്ലപ്പള്ളി | ചീരംതോട് വീട്, പാലിയേക്കര പി.ഒ., തിരുവല്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1998-99 | എൽ.എഫ്.പിറ്റിഎ.പി2-529/04 /7.11.2000 | 44,64 |
| 1998-99 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-362/02 /13.2.2003 | 22,23,44 |
| 2000-01 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-128/04 /14.6.2004 | 11,15 |
| 2000-01 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി4-676(എ)/05 /10.2.2006 | 2-7,2-8 |
| 2001-02 (ജ.ആ) | എൽ.എഫ്.പിറ്റിഎ.പി4-129/04 /4.9.2004 | 5,6,8,9,10 |
| 2001-02 (ചെലവ്) | എൽ.എഫ്.പിറ്റിഎ.പി4-676(ബി)/05 /10.2.2006 | 2-1,2-3,2-4,2-6,2-7 |
| 2002-03 | എൽ.എഫ്.പിറ്റിഎ.പി5-830/07 /19.3.2008 | 2-3,2-5,2-7,2-10(a), (B),2-14,2-15,2-17,2-18,2-19,2-20 |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി8-147/10 /21.11.2011 | 3-1,3-2,3-3,3-4,3-5,3-6,3-7 |
| 2004-05 | എൽ.എഫ്.പിറ്റിഎ.പി7-802/10 /4.10.2011 | 3-2,3-4,3-5,3-6,3-7,3-9,3-10 |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി7-803/10 /4.10.2011 | 3-1,3-2,3-3,3-4,3-5,3-6,3-7,3-9 |
| 2006-07 | എൽ.എഫ്.പിറ്റിഎ.പി7-545/11 /9.12.2011 | |
| 2007-08 | എൽ.എഫ്.പിറ്റിഎ.പി7-559/11 /13.12.2011 | |
| 2008-09മുതൽ 2011-12 വരെ | എൽ.എഫ്.പിറ്റിഎ.പി7-39/13 /10.5.2013 | 3-1,3-2,3-3,3-7 To 3-13, 3-15,3-16,3-17 |
| 2012-13 | എൽ.എഫ്.പിറ്റിഎ.പി7-1152/14 | 1-2,3-2 To 3-4,3-5,3-8 |

| | | |
|---|---|---|
| | /17.12.2011 | |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി7-558/15 /4.7.2015 | 3-4 To 3-7,3-11 |
| 2014-15 | എൽ.എഫ്.പിറ്റിഎ.പി7-597/16 /1.6.2016 | 1-3,2-1,2-2a,2-2b,2-4,2-5,2-6,3-2,3-3,3-4,3-5,3-7,3-9 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി7/1184/16/ തീ-10.11.2016 | 3-2,3-3,3-4,3-6,3-7 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി7/1184/16/ തീ-10.11.2016 | 2-3, 2-4, 2-5, 3-1, 3-4, 3-5, 3-9, 3-10, 3-12, 3-13, 3-14, 4-2, 4-7, 4-8, 4-9 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി7/237 /18തീ..03.05.2019 | 1-2, 2-3 To 2-11, 3-1 To 3-17 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി7/200 /20തീ.27.04.2020 | 1-9, 1-11 To 1-20 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്